**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **09-08-2023 - ൽ മറുപടിയ്ക്ക്**

**പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് വൈദ്യുത ഉപഭോഗം മിതപ്പെടുത്തി ഊർജ്ജ സംരക്ഷണം നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള വിവിധ നടപടികളിൽ ഒന്നാണ് '**സൗര**' പദ്ധതി. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്.<br><br>'സൗര' പദ്ധതി 2 ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒന്നാംഘട്ട (Phase-I) നോൺ സബ്സിഡി പദ്ധതിയിൽ നിലവിൽ 24.09 മെഗാ വാട്ടിന്റെ 1963 സൗര നിലയങ്ങൾ പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ പുതിയ രജിസ്ട്രേഷൻ ഇല്ല. രണ്ടാംഘട്ട സൗര സബ്സിഡി പദ്ധതി (Phase II) ഗാർഹിക ഉപഭോക്താക്കൾക്ക് വേണ്ടി മാത്രമുള്ളതാണ്. പ്രസ്തുത പദ്ധതിയിൽ നിലവിൽ 130.77 മെഗാവാട്ടിന്റെ 35084 നിലയങ്ങൾ പൂർത്തീകരിച്ചു. നിലവിൽ കേന്ദ്രം അനുവദിച്ച (MNRE - കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം) 182 കോടി രൂപ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തു കഴിഞ്ഞു. സബ്സിഡി പദ്ധതിയുടെ പൂർത്തീകരണ ത്തിന് MNRE 2023 സെപ്റ്റംബർ 23 വരെയാണ് കാലാവധി നൽകിയിരിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ഇതു കൂടാതെ നോൺ സബ്സിഡി സ്കീമിൽ 100 MW ന്റെ പുതിയ പദ്ധതിയുടെ ടെൻഡർ നടപടികൾ പുരോഗതിയിലാണ്. MNRE യുടെ DBT (ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ)സ്കീമിൽ നിലവിൽ 490 പുതിയ കമ്പനികളെ കൂടി എംപാനൽ ചെയ്തിട്ടുണ്ട്.<br><br>പദ്ധതി വിപുലീകരണത്തിനായി കേരളത്തിലെ എല്ലാ ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിലും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പയിനുകൾ നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | മീറ്റർ അലോക്കേഷൻ, പവർ ക്വാളിറ്റി ടെസ്റ്റിംഗ് ഇവ വേഗത്തിൽ പൂർത്തീകരിക്കാൻ നടപടികൾ എടുത്തു. നെറ്റ് മീറ്റർ ലഭ്യത സർക്കിൾ തലത്തിൽ ഉറപ്പുവരുത്തി സമയ ബന്ധിതമായി പദ്ധതി പൂർത്തിയാക്കാൻ സോളാർ പാനൽ നിർമ്മാതാക്കളുടെയും ഇൻവർട്ടർ നിർമ്മാതാക്കളുടെയും അവലോകനങ്ങൾ സംഘടിപ്പിക്കുകയും പ്രശ്നപരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്തു.<br><br>നിലവിൽ 'സൗര' പദ്ധതി മുഖേന ആകെ 155.69 MW ശേഷിയുടെ 37262 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 153.421 മെഗാവാട്ടിന്റെ 37,014 നിലയങ്ങൾ പൂർത്തീകരിച്ചു.<br><br>സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. അനെർട്ടിന്റെ 'സൗരതേജസ്' പദ്ധതി വഴി കേരളത്തിലുടനീളമായി 25 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കു ന്നതിനുള്ള പദ്ധതി നടന്നു വരുന്നു. സംസ്ഥാന സർക്കാരിന്റെ ഹരിത വരുമാന പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ പദ്ധതി വഴി നിർമിച്ച വീടുകളിലും പട്ടിക ജാതി വകുപ്പ് നിർമ്മിച്ചു നൽകിയ വീടുകളിലും സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതു വഴി കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതിയും അധിക വരുമാനവും ലഭ്യമാകുന്നു. ഈ പദ്ധതിയുടെ ഭാഗമായി ലൈഫ് മിഷൻ നിർമ്മിച്ച് നൽകിയ തെരഞ്ഞെടുക്കപ്പെട്ട 700 കുടുംബങ്ങൾക്ക് സൗജന്യമായി രണ്ട് കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളും പട്ടിക ജാതി വകുപ്പ് നിർമ്മിച്ചു നൽകിയ തെരഞ്ഞെടുക്കപ്പെട്ട 300 കുടുംബങ്ങൾക്ക് സൗജന്യമായി മൂന്നു കിലോവാട്ട് വീതം ശേഷിയുള്ള സോളാർ പവർ പ്ലാന്റുകളും സ്ഥാപിച്ചു നൽകുന്ന പദ്ധതി പുരോഗമിച്ചു വരികയാണ്. |
| (ബി) | പുരപ്പുറ സോളാർ പദ്ധതിക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സബ്സിഡി വർദ്ധിപ്പിച്ചു നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | പുരപ്പുറ സോളാർ പദ്ധതി സബ്സിഡി വർദ്ധിപ്പിക്കുന്നതിന് നിലവിൽ നടപടികൾ എടുത്തിട്ടില്ലെന്നറിയിക്കുന്നു. നിലവിൽ MNRE നൽകുന്ന സബ്സിഡിയാണ് കെ.എസ്.ഇ. ബി.എൽ. മുഖാന്തിരം വിതരണം ചെയ്യുന്നത്.<br><br>തിരുവനന്തപുരം നഗരം സോളാർ സിറ്റിയായി മാറ്റുന്നതിന്റെ ഭാഗമായി 100 MW ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ട് മുഖേന |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി ഗുണഭോക്തൃവിഹിതം നല്കാൻ ബാങ്ക് ലോണിനെ ആശ്രയിക്കുന്ന ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സബ്സിഡിക്ക് പുറമെ ഇന്ററസ്റ്റ് സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട് |
| (സി) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വലിയ സ്ഥാപനങ്ങളിൽ സോളാർ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (സി) | സൗര ഒന്നാംഘട്ട നോൺ സബ്സിഡി പദ്ധതിയിൽ കെ. എസ്. ഇ. ബി. എൽ. മുഖേന കാരക്കോണം മെഡിക്കൽ കോളേജിൽ (SMCSIK, Karakonam) 150 KW- ന്റെയും കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 3 കെട്ടിടങ്ങളിലായി 59 KW, 30 KW & 60 KW - ന്റെ സൗര നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ വർക്ക് ഡെപ്പോസിറ്റ് വ്യവസ്ഥയിൽ സൗരോർജ്ജ നിലയങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്തു ചെയ്തുവരുന്നു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മേല്പറഞ്ഞ വ്യവസ്ഥയിൽ 150 കിലോവാട്ട് ശേഷിയുള്ള നിലയം സ്ഥാപിച്ചു. കൂടാതെ കൊല്ലം ഗവൺമെന്റ് മെഡിക്കൽ കോളേജിനായി (പാരിപ്പള്ളി) 500 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. മേൽ പ്രതിപാദിച്ച പ്രവൃത്തികൾക്ക് പുറമെ വിവിധ ജില്ലാപഞ്ചായത്തുകളുടെയും ഗവൺമെന്റ് ഏജൻസികളുടെയും ആവശ്യപ്രകാരം ഡെപ്പോസിറ്റ് വർക്ക് വ്യവസ്ഥയിൽ സോളാർ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് വകുപ്പിന് ചെലവാകുന്ന തുകയിൽ 10% തുക അനെർട്ട് മുഖേന വിനിയോഗിച്ചുകൊണ്ട് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന നടപടികൾ നടന്നു വരുകയാണ്. സംസ്ഥാനത്തെ ജില്ലാകളക്ടറേറ്റുകളിലും സർക്കാർ കെട്ടിടങ്ങളിലുമായി അനെർട്ടിന്റെ 2017-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് KSEB Ltd. മുഖാന്തിരം ആകെ 380kWp സ്ഥാപിതശേഷിയുള്ള ഗ്രിഡ് കണക്ടഡ് Roof- top സൗരോർജ്ജ പവ്വർ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉടനീളം ഏകദേശം അയിരത്തോളം സ്ഥാപനങ്ങളിൽ നിന്നായി 20 MWസ്ഥാപിതശേഷി ഈ വർഷത്തോടെ അനെർട്ടിന് കൈവരിക്കാനാകും. |

സെക്ഷൻ ഓഫീസർ